**HADIA CSE Khutba Notes (30.06.2017)**

# നഷ്ടപ്പെട്ട നോമ്പുകൾ

വിശുദ്ധമായ റമളാൻമാസം അവസാനിച്ചു. പ്രസ്തുത മാസം നോമ്പ് നോൽക്കാതിരിക്കുകയോ നോൽകാൻ സാധിക്കാതെ വരികയോ ചെയ്ത പലരും നമ്മുടെ കൂട്ടത്തിലുണ്ടാകും. അവർ ശ്രദ്ധിക്കേണ്ടതും അനുവർത്തിക്കേണ്ടതുമായ ചില കാര്യങ്ങളാണ് ഇന്ന് നാം ചർച്ച ചെയ്യുന്നത്. ഇത്തരക്കാർ പല വിഭാഗങ്ങളാണ്.

(ഒന്ന്) ദീൻ അനുവദിച്ച യാതൊരു കാരണവുമില്ലാതെ നോമ്പ് ഉപേക്ഷിച്ചവർ. ഇവർ എത്രയുംവേഗം നഷ്ടപ്പെട്ട നോമ്പുകൾ ഖളാഅ് വീട്ടൽ നിർബന്ധമാണ്. കാരണത്തോട് കൂടെയാണെങ്കിൽ വരുന്ന റമളാനിന് മുമ്പ് സൗകര്യമനുസരിച്ച് ഖളാഅ് വീട്ടിയാൽ മതിയെങ്കിൽ ഇവർക്ക് അത് പറ്റില്ല. മറിച്ച്, പെട്ടെന്ന് നോറ്റുവീട്ടൽ നിർബന്ധമാണ് (ഇആനത്ത് 2:227). പോരാത്തതിന് അള്ളാഹുവിനോട് പശ്ചാതപിക്കുകയും വേണം. കാരണം, അകാരണമായി നോമ്പ് ഉപേക്ഷിക്കുന്നത് വൻകുറ്റങ്ങളിൽ പെടുന്നു.

(രണ്ട്) അനുവദിക്കപ്പെട്ട കാരണങ്ങളാൽ നോമ്പ് ഉപേക്ഷിച്ചവർ. ഇവരും ഖളാഅ് വീട്ടൽ നിർബന്ധമാണ്. നോമ്പ് ഉപേക്ഷിക്കാൻ ദീൻ പറയുന്ന ചില കാരണങ്ങൾ ഇവയാണ്: തയമ്മും അനുവദനീയമാകുന്ന വിധം പ്രയാസമുള്ള രോഗമുണ്ടാവുക, അനുവദനീയമായ ദീർഘയാത്ര പോകുക, ശരീരത്തിന് നോമ്പ്കാരണം നാശം പേടിക്കുക, അസഹ്യവും പിടിച്ചുവെക്കാൻ പറ്റാത്തതുമായ ദാഹമോ വിശപ്പോ അലട്ടുക (മുഗ്നി 1:436). വേറെയും പലകാരണങ്ങൾ കൊണ്ട് നോമ്പ് ഉപേക്ഷിക്കാം. ഉദാഹരണത്തിന് ഹൈളും നിഫാസും. ഇവരെല്ലാം നോമ്പ് ഖളാഅ് വീട്ടൽ നിർബന്ധമാണ്.

(മൂന്ന്) വിശുദ്ധറമളാനിൽ അറിഞ്ഞ് കൊണ്ട് ബോധപൂർവം സംയോഗത്തിലേർപ്പെടുക. ഇവർ ഖളാഅ് വീട്ടുന്നതോടൊപ്പം കഴിയുമെങ്കിൽ ഒരു അടിമയെ വിലകൊടുത്ത് മോചിപ്പിക്കുകയോ കഴിയില്ലെങ്കിൽ രണ്ട് മാസം തുടർച്ചയായി നോമ്പനുഷ്ഠിക്കുകയോ കഴിയില്ലെങ്കിൽ അറുപത് മിസ്കീന്മാർക്ക് ഒരു മുദ്ദ് വീതം ഭക്ഷണം നൽകുകയോ ചെയ്യേണ്ടതാണ് (ബുഖാരി, മുസ്ലിം, തുഹ്ഫ 3:452, മിർഖാത്ത് 2:518). ഇതിന് നോമ്പിന്റെ കഫാറത്ത് എന്നാണ് പറയുന്നത്. ഇതിന് മൂന്നിനും സാധിക്കാതെവന്നാൽ അത് അവന്റെ ഉത്തരവാദിത്വത്തിൽ സ്ഥിരപ്പെട്ടത്കൊണ്ട് കഴിയുമ്പോൾ ചെയ്യേണ്ടതാണ് (ബുജൈരിമി 2:342). ഇത് സംയോഗം ചെയ്യപ്പെട്ടവർക്ക്, ആണാണെങ്കിലും പെണ്ണാണെങ്കിലും നിർബന്ധമില്ല (ബുജൈരിമി 2:339). അതുപോലെ നേർച്ചനോമ്പിന്റെയോ ഖളാഅ് വീട്ടുന്ന നോമ്പിന്റെയോ പകലിൽ സംയോഗത്തിലേർപ്പെട്ടാലും കഫാറത്ത് ബാധകമല്ല (ഇആനത്ത് 2:239). അറുപത് ദിവസം നോമ്പെടുക്കുമ്പോൾ ഇടയിൽ തുടർച്ച മുറിഞ്ഞാൽ ആദ്യംമുതൽ വീണ്ടും അറുപത് ദിവസം ആരംഭിക്കണം. രോഗം, യാത്ര, നിയ്യത്ത് മറക്കുക പോലുള്ള കാരണങ്ങൾകൊണ്ട് നോമ്പ് നഷ്ടപ്പെട്ടാലും ഇതുതന്നെയാണ് വിധി (റൗള 7:299). ഒരാൾ ഒരേദിവസം ഒന്നിലധികം സംയോഗത്തിലേർപ്പെട്ടാൽ കഫാറത്ത് ആവർത്തിക്കേണ്ടതില്ല. എന്നാൽ, ഒന്നിലധികം ദിവസം സംഭവിച്ചാൽ ദിവസങ്ങളുടെ എണ്ണമനുസരിച്ച് കഫാറത്ത് ആവർത്തിക്കുന്നതാണ് (ബുജൈരിമി 2:340).

(നാല്) വൃദ്ധന്മാരോ മാറാവ്യാധി പിടിപെട്ടവരോ നോമ്പ് ഉപേക്ഷിക്കുക. ഇവർ ഒരു നോമ്പിന് പകരം ഫിദ്‌യയായി ഒരുമുദ്ദ് വീതം പാവങ്ങൾക്ക് നൽകേണ്ടതാണ് (അൽബഖറ 184). ഇവർക്ക് പിന്നീട് നോമ്പ് നോൽകാൻ സാധിച്ചാലും പിന്നീട് ഖളാഅ് വീട്ടേണ്ടതില്ല. കാരണം, ഇവരോടുള്ള ആദ്യത്തെ കൽപനതന്നെ ഫിദ്‌യ നൽകാനാണ് (തുഹ്ഫ 3:440). ഇനി പ്രയാസപ്പെട്ട് നോമ്പെടുത്താൽ ഫിദ്‌യ വേണ്ട (ബുജൈരിമി 2:436). അതുപോലെ നോമ്പ് ഉപേക്ഷിക്കുന്ന ദിവസം ഫിദ്‌യ കൊടുക്കാൻ കഴിയില്ലെങ്കിൽ പിന്നീട് പണക്കാരനായാൽ പോലും നൽകേണ്ടതില്ല (ശറഹുൽ മുഹദ്ദബ് 6:282). ഫിദ്‌യ നിർബന്ധമാകുന്ന ദിവസമോ അതിന് ശേഷമോ ആണ് നൽകേണ്ടത്. ഫിത്ർസകാത്ത് പോലെ നേരത്തെ നൽകിയാൽ പറ്റുന്നതല്ല (ശറഹുൽ മുഹദ്ദബ് 6:284, ബുജൈരിമി 2:348). ഇത്തരക്കാർ ഫിദ്‌യ എത്ര പിന്തിച്ചാലും വർഷത്തിനനുസരിച്ച് ഫിദ്‌യയുടെ എണ്ണം

**HADIA CSE Khutba Notes (30.06.2017)**

# നഷ്ടപ്പെട്ട നോമ്പുകൾ

വർധിക്കുന്നതല്ല (തുഹ്ഫ 3:440). ഫഖീറിനോ മിസ്കീനിനോ ആണ് ഫിദ്‌യ നൽകേണ്ടത്. സകാത്തിന്റെ മറ്റു അവകാശികൾക്ക് നൽകാൻ പാടുള്ളതല്ല. ഒരാൾക്ക് ഒന്നിലധികം നൽകാമെങ്കിലും ഒരുമുദ്ദ് വ്യത്യസ്ത ആളുകൾക്ക് നൽകിയാൽ ശരിയാകുകയില്ല (ഇആനത്ത് 2:244). അപ്പോൾ ആകെ അഞ്ച് മുദ്ദ് നൽകാനുണ്ടെങ്കിൽ രണ്ട്പേർക്ക് രണ്ടരമുദ്ദ് വീതം ആകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

(അഞ്ച്) ഗർഭിണിയോ മുലനൽകുന്ന സ്ത്രീയോ നോമ്പ് ഒഴിവാക്കുക. ഇവർ സ്വന്തം ശരീരത്തിന്റെ പ്രയാസംകൊണ്ട് മാത്രമാണ് നോമ്പ് ഒഴിവാക്കുന്നതെങ്കിൽ കേവലം ഖളാഅ് വീട്ടിയാൽ മാത്രം മതി. എന്നാൽ, കുട്ടിയുടെ ആരോഗ്യസംരക്ഷണത്തിനാണെങ്കിൽ ഖളാഅ് വീട്ടുകയും ഒരു നോമ്പിന് ഒരുമുദ്ദ് നൽകുകയുംവേണം (ബുജൈരിമി 2:346). ഇവരുടെ കാര്യത്തിൽ മാത്രമല്ല, മറ്റൊരാളുടെ ആവശ്യത്തിന് വേണ്ടി ആര് നോമ്പ് മുറിച്ചാലും ഇതുതന്നെയാണ് വിധി. ഉദാഹരണത്തിന്, മുങ്ങിമരിക്കുന്ന ഒരാളെ രക്ഷപ്പെടുത്താൻ നോമ്പ് മുറിക്കുന്നത്. ഇത്തരക്കാർ ഖളാഅ് വീട്ടുകയും ഫിദ്‌യ നൽകുകയും വേണമെന്ന് ഇമാം നവവി (റ) പറയുന്നു (റൗള 2:267).

ഇവിടെ കുറേസ്ഥലത്ത് ഖളാഅ് നിർബന്ധമാണെന്ന് നാം പറഞ്ഞുവല്ലോ. ഇതൊക്കെ നോമ്പ് നഷ്ടപ്പെട്ട റമളാനിന്റെ അടുത്ത റമളാനിന്റെ മുമ്പാകാൻ ശ്രദ്ധിക്കണം. ന്യായമായ കാരണമില്ലാതെ ഒരാൾ അടുത്ത റമളാൻവരെ പിന്തിച്ചാൽ ഒരു നോമ്പിന് ഒരുമുദ്ദ് വീതം നൽകൽ നിർബന്ധമാണ്. വർഷം ആവർത്തിക്കുംതോറും മുദ്ദുകളുടെ എണ്ണവും വർധിക്കും. ഒരാൾ ഒരുനോമ്പ് അഞ്ച് റമളാൻ കഴിഞ്ഞിട്ടാണ് വീട്ടുന്നതെങ്കിൽ ഖളാഇനൊപ്പം അഞ്ച് മുദ്ദുകൾകൂടി നൽകേണ്ടതാണ് (മുഗ്നി 1:439). എന്നാൽ രോഗം പോലുള്ള മതിയായ കാരണങ്ങളുണ്ടെങ്കിൽ ഇങ്ങനെ വർധിക്കുന്നതല്ല. ഇനി, ഖളാഉള്ള നോമ്പ് സൗകര്യപ്പെട്ടിട്ടും നോറ്റുവീട്ടാതെ ഒരാൾ മരണപ്പെട്ടാൽ ഓരോ നോമ്പിന് പകരം രണ്ട്മുദ്ദ് വീതം അവന്റെ പേരിൽ ബന്ധുക്കൾ നൽകേണ്ടതാണ്. ഒന്ന് നോമ്പിനും മറ്റൊന്ന് പിന്തിച്ചതിനും (ഫത്ഹുൽ മുഈൻ). ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഇവന്റെ നോമ്പ് ബന്ധുക്കൾക്ക് മരണശേഷം നോറ്റുവീട്ടാം. ഇതാണ് ഇമാം ശാഫിഈ (റ) യുടെ ഖദീമായ അഭിപ്രായം. ജദീദായ പക്ഷമനുസരിച്ച് ഇത്കൊണ്ട് കാര്യമില്ല. ചില ഹദീസുകളുടെ അടിസ്ഥാനത്തിൽ ഇമാം നവവി (റ), ശാഫിഈ (റ) യുടെ ഖദീമായ അഭിപ്രായമാണ് പ്രബലമാക്കിയിട്ടുള്ളത്. ഉദാഹരണത്തിന്, ഒരിക്കൽ ഒരു സ്ത്രീ വന്ന് തിരുമേനി (സ്വ) യോട് പറഞ്ഞു: എന്റെ മരണപ്പെട്ട ഉമ്മയുടെ നേർച്ചനോമ്പ് ഞാൻ നോറ്റ് വീട്ടട്ടെയോ. അവിടന്ന് സമ്മതിച്ചു (മുഗ്നി 1:439).

(ഇന്നത്തെ ഖുത്വുബ കുറിപ്പിൽ കർമശാസ്ത്ര മസ്അലകളാണ് ചർച്ച ചെയ്യുന്നത്. അതുകൊണ്ട് അറബിമൂലം ചേർത്തിട്ടില്ല. പകരം പ്രധാന മസ്അലകൾ എടുത്ത കിതാബുകൾ സൂചിപ്പിച്ചിട്ടുണ്ട്.)

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9496445823**